## സബ്മിഷൻ

### കൊച്ചി മെട്രോ പദ്ധതി

പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അനുമതി ലഭിച്ച സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനേയും ശ്രീ. ഇ. ശ്രീധരനേയും ചുമതലപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നുള്ള കാര്യമാണ് സഭയ്ക്ക് അറിയേണ്ടത്. മെട്രോ പദ്ധതിക്ക് അനുമതി ലഭിച്ചാൽ സ്വന്തം നിലയ്ക്ക് ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവൃത്തി നടത്തുമെന്ന് ആറ് മാസം മുമ്പ് കമ്പനിയുടെ എം.ഡി., ടോം ജോസ് പറഞ്ഞപ്പോൾ സംസ്ഥാനത്ത് ഉയർന്നുവന്ന ജനവികാരം സർക്കാർ മറക്കരുത്. ശക്തമായ ജനകീയ സമ്മർദ്ദത്തെത്തുടർന്ന് നിർമ്മാണച്ചുമതല ശ്രീ. ഇ. ശ്രീധരനേയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനേയും ഏൽപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയതാണ്. കൊങ്കൺ റെയിൽവേയുടെയും ഡെൽഹി മെട്രോയുടെയും ശിൽപിയാണ് ശ്രീ. ഇ. ശ്രീധരൻ. ജയ്പൂരിലെ മെട്രോയ്ക്ക് നേതൃത്വം നൽകുന്നതും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ്. പദ്ധതി കുറ്റമറ്റ നിലയിലും അഴിമതി രഹിതമായും സമയബന്ധിതമായും നടപ്പിലാക്കണമെങ്കിൽ ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വവും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ നിർവ്വഹണ ചുമതലയും ആവശ്യമാണ്. കേന്ദ്ര മന്ത്രിസഭയുടെ അനുമതി ഇപ്പോഴാണ് ലഭിച്ചതെങ്കിലും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണല്ലോ കൊച്ചി മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികളെല്ലാം പൂർത്തിയാക്കിയത്. രൂപരേഖ തയ്യാറാക്കിയതും സ്ഥലം നിശ്ചയിച്ചതും പ്ലാനിംഗ് കമ്മീഷന്റെയും കേന്ദ്ര നഗര വികസന വകുപ്പിന്റെയും അനുമതി നേടിയതുമെല്ലാം കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണ്.

കേന്ദ്ര ഗവണ്മെന്റിൽ ഇതിനുള്ള ശ്രമങ്ങൾ നടത്തുന്നതിൽ ശ്രീ. ഇ. ശ്രീധരനും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും വഹിച്ച പങ്ക് നിസ്തുലമാണ്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കിയത് പ്രധാനമായും അവരുടെകൂടി ശ്രമഫലമാണ്. പദ്ധതി കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ സംയുക്ത സംരംഭമായി വായ്പ ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. ആ ആവശ്യം ഉന്നയിച്ച് പല തവണ നേതൃസംഘം പ്രധാനമന്ത്രിയേയും ധനമന്ത്രിയേയും കണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർമ്മിക്കുന്നുണ്ടാകുമല്ലോ? മൂന്ന് വർഷംമുമ്പുതന്നെ പദ്ധതി കേന്ദ്ര മന്ത്രിസഭയ്ക്ക് അംഗീകരിക്കാമായിരുന്നു. രാഷ്ട്രീയകാരണങ്ങളാലോ എന്തോ അനുമതി മൂന്ന് വർഷം വൈകിപ്പിച്ചത് കേന്ദ്ര സർക്കാരാണ്. ഇപ്പോഴെങ്കിലും പദ്ധതിക്ക് അന്തിമാനുമതി ലഭിച്ചതിനെ സ്വാഗതം ചെയ്യുന്നു. അന്തിമാനുമതി കേന്ദ്രം നൽകുന്നതിന് മുമ്പ് അതായത് രണ്ട് വർഷം മുമ്പുതന്നെ മെട്രോയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് 150 കോടി രൂപ കഴിഞ്ഞ സർക്കാർ അനുവദിക്കുകയുണ്ടായി. അതിന്റെ പ്രവൃത്തികൾ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. അന്ന് അനുവദിച്ച തുകയിൽ പന്ത്രണ്ട് കോടിയോളം രൂപ ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ പുത്തൻ തലമുറ ബാങ്കുകളിൽ നിക്ഷേപിച്ചതും മറ്റുമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കഴിഞ്ഞ സമ്മേളന കാലത്ത് അത് വിവാദമായതുമാണല്ലോ? കഴിഞ്ഞ സർക്കാർ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനേയും ശ്രീ. ഇ. ശ്രീധരനേയും മുൻനിർത്തിയാണ് മെട്രോ പദ്ധതിയുമായി മുന്നോട്ട് പോയത്. അടിസ്ഥാന സൗകര്യ

വികസന പ്രവൃത്തികൾ അവർ തുടങ്ങുകയും ചെയ്തു. എന്നാൽ ഇപ്പോൾ കാര്യങ്ങൾ ശ്രീ. ഇ. ശ്രീധരനിൽനിന്നും മറച്ചുവയ്ക്കുന്നു. ശ്രീ. ഇ. ശ്രീധരൻ അറിയാതെ ബാംഗ്ലൂർ മെട്രോ കമ്പനിയുമായി ചർച്ച നടത്തുന്നു. പദ്ധതിയുടെ നിർമ്മാണച്ചുമതല ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുകയും നിർമ്മാണ സാമഗ്രികൾ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മുഖേന വാങ്ങുകയും ചെയ്യുന്നില്ലെങ്കിൽ പദ്ധതിയുമായി സഹകരിക്കില്ലെന്ന് ശ്രീ. ഇ. ശ്രീധരൻ വ്യക്തമാക്കിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനേയും ശ്രീ. ഇ. ശ്രീധരനേയും അപമാനിക്കുകയും അവരോട് നന്ദികേട് കാണിക്കുകയും ചെയ്യുന്ന സമീപനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് ഞാൻ ആശിക്കുന്നു. മെട്രോ പദ്ധതി സമയബന്ധിതമായും കുറ്റമറ്റ നിലയിലും അഴിമതിരഹിതമായും നടപ്പിലാക്കുകതന്നെ വേണം. അതായിരിക്കണം ലക്ഷ്യം. മെട്രോ നിർമ്മാണ ചുമതല ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനേയും ശ്രീ. ഇ. ശ്രീധരനേയും ഏൽപ്പിക്കുമോയെന്ന കാര്യത്തിൽ ഇന്ന് നിലനിൽക്കുന്ന സംശയം ദൂരീകരിക്കത്തക്ക വിധത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുമെന്ന് ഞാൻ ആശിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്):</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ പലതും വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കണമെന്ന് ഈ ഗവണ്മെന്റ് തീരുമാനിച്ചുകഴിഞ്ഞു. നേരത്തെ ക്യാബിനറ്റിലും തീരുമാനിച്ചിരുന്നു. ശ്രീ. ഇ. ശ്രീധരന്റെ സേവനം വേണമെന്നു തന്നെ ഞങ്ങൾ തീരുമാനിച്ചു. ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, ഞാനും ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ശ്രീ. ഇ.

ശ്രീധരൻ അവിടെ നിന്ന് റിട്ടയർ ചെയ്യുന്നു എന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തെ വിളിച്ച് സംസാരിച്ചിട്ട് "മെട്രോ റെയിലും അതുപോലെതന്നെ സ്പീഡ് റെയിൽ, മോണോ റെയിൽ ഇതിന്റെയൊക്കെ മുഴുവൻ ചാർജും അങ്ങ് എടുക്കണം" എന്ന് അദ്ദേഹത്തോട് അഭ്യർത്ഥിച്ചതാണ്. ഇതാണ് വസ്തുത. ചില പത്രങ്ങളിൽ ഇങ്ങനെയല്ലെന്ന വാർത്തകൾ വരുന്നുണ്ട്. അതിന് ഞങ്ങൾ ഉത്തരവാദികളല്ല. മറ്റൊരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, ഇത് തുടങ്ങിയത് 2004-ലാണ് അങ്ങയുടെ കാലത്തല്ല. ആദ്യത്തെ പ്രോജക്ടുണ്ടാക്കാൻവേണ്ടി ശ്രമിച്ചത് 2005-ൽ ഇന്നത്തെ ആഭ്യന്തര വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. അതിനുശേഷം താങ്കൾ മുഖ്യമന്ത്രിയായി വന്നപ്പോഴും ചിലതൊക്കെ ചെയ്തിട്ടുണ്ട്. പക്ഷേ മെട്രോയ്ക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടില്ല, അങ്ങനെ തീരുമാനിച്ചിരുന്നെങ്കിൽ ഇപ്പോൾ വേറെ തീരുമാനം എടുക്കേണ്ട കാര്യം ഇല്ലല്ലോ? അപ്പോൾ അങ്ങയുടെ കാലത്ത് തീരുമാനിച്ചിട്ടില്ല. എന്ന് മാത്രമല്ല, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. നിങ്ങൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ വേണ്ടായെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടില്ലല്ലോ? അപ്പോൾ നിങ്ങളുടെ കാലത്ത് തീരുമാനിച്ചിട്ടില്ല. ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇതാണ് വസ്തുത. ഈ വിഷയം അർബൻ ഡെവലപ്മെന്റ് മിനിസ്ട്രി, ഡൽഹിയാണ് കൈകാര്യം ചെയ്യുന്നത്. അങ്ങനെ മന്ത്രിസഭ ഒന്നിച്ച് ഡൽഹിയിൽ പോയ സന്ദർഭത്തിൽ പ്രധാനമന്ത്രിയെക്കണ്ട് സംസാരിച്ചു. പ്രധാനമന്ത്രി അംഗീകാരം തരാമെന്ന് പറഞ്ഞു. പ്ലാനിംഗ് കമ്മീഷന്റെ ഒബ്ജക്ഷൻ ഉണ്ടായിരുന്നു. അത് താങ്കളുടെ കാലത്തും ഉണ്ടായിരുന്നു, ഞങ്ങളുടെ കാലത്തും ഉണ്ടായിരുന്നു.

ആ ഒബ്ജക്ഷൻ ക്ലിയർ ചെയ്തു. പി.ഐ.ബി. മീറ്റിംഗിൽ ആദ്യം വരണമായിരുന്നു. ഇതൊന്നും താങ്കളുടെ കാലത്ത് നടക്കാത്ത കാര്യമായിരുന്നു. പി.ഐ.ബി.-യിൽ വന്നു, പാസ്സായി. അതുപോലെ അർബർ ഡെവലപ്മെന്റ് മിനിസ്ട്രിയിൽ പോയി, അവരെക്കൊണ്ട് അംഗീകരിപ്പിച്ചു, അതും കഴിഞ്ഞ് ക്യാബിനറ്റിൽ പോയി. അതൊക്കെ ഞങ്ങൾ വന്ന് ഒരു വർഷത്തിനുശേഷം ചെയ്ത കാര്യങ്ങളാണ്. അതുകൊണ്ടാണ് ഇപ്പോൾ ശരിയായത്. അങ്ങയുടെ കാലത്ത് ഒന്നും നടന്നില്ല എന്ന് ഞാൻ പറയുന്നില്ല. ടെണ്ടറിനുവേണ്ടി 155 കോടി രൂപ മാറ്റിവച്ചതും ഓവർബ്രിഡ്ജും ബാക്കിയുള്ള റോഡുകളും ശരിയാക്കാൻവേണ്ടി ചെലവഴിച്ചതും വിസ്മരിക്കുന്നില്ല. ഒരു കമ്പനിപോലും രജിസ്റ്റർ ചെയ്തത് ഞങ്ങൾ വന്നതിനുശേഷമാണ്. ഒരു കമ്പനി രജിസ്റ്റർ ചെയ്ത്, ഒരു എം.ഡി., ചെയർമാനടക്കം ബാക്കി കാര്യങ്ങളൊക്കെ ചെയ്തത് ഞങ്ങളാണ്. അങ്ങയുടെ പങ്കോ അങ്ങയുടെ ഗവണ്മെന്റിന്റെ പങ്കോ ഇതിൽ ഇല്ലാ എന്ന് ഒരിക്കലും പറയുന്നില്ല. ഇതിൽ ചെയ്യേണ്ട കാര്യങ്ങൾ കുറച്ച് നിങ്ങൾ ചെയ്തു. അതിന് മുമ്പ് ഉമ്മൻ ചാണ്ടി ഗവണ്മെന്റ് ചെയ്തു. തുടർന്ന് അങ്ങയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് വന്നു. ബാക്കി ഞങ്ങൾ ചെയ്തു. ഇതാണ് സത്യം. താങ്കൾക്കും അഭിമാനിക്കാം, ഞങ്ങൾക്കും അവകാശമുണ്ട്. ഒരു വസ്തുത മനസ്സിലാക്കേണ്ടത്, ഞങ്ങൾ ശ്രീ. ഇ. ശ്രീധരനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല. ഇതാരുടെ പ്രചരണമാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന് കൊടുക്കാൻ തന്നെയാണ് ഞങ്ങൾ തീരുമാനിച്ചത്. തീരുമാനിച്ചതിനുശേഷം കേന്ദ്ര ഗവണ്മെന്റ് അറുപത് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചു. അതും ഞങ്ങൾ വന്നതിനുശേഷമാണ്. ആ തുക അനുവദിച്ച സന്ദർഭത്തിൽ

ഇത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ രജിസ്റ്റർ ചെയ്തു. ഇപ്പോൾ ചീഫ് മിനിസ്റ്ററാണ് അതിന്റെ ചെയർമാൻ. ഞാനും വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയുമൊക്കെ അതിൽ മെമ്പർമാരാണ്. ഇനി അവരും നമ്മളും ഫിഫ്റ്റി ഫിഫ്റ്റിയാണ്. അതു കൊണ്ട് അവരുംകൂടി അറിഞ്ഞേ ചെയ്യാവൂ. അപ്പോൾ ഞങ്ങൾ അവർക്കെ ഴുതി ഡൽഹി മോട്രോയെ ഏൽപ്പിക്കണം. അതാണ് ഞങ്ങളുടെ ഉദ്ദേശ്യം. ഞങ്ങളുടെ ക്യാബിനറ്റ് അംഗീകരിച്ച കാര്യമാണത്. ആ കാര്യം അർബൻ ഡെവലപ്മെന്റ് മിനിസ്ട്രിക്ക് എഴുതി. തൽക്കാലം അവിടെ നിൽക്കട്ടെ, പി.ഐ.ബി. ഇതു തീരുമാനിക്കട്ടെ, ക്യാബിനറ്റിൽ വരട്ടെ, ക്യാബിനറ്റ് അംഗീക രിക്കട്ടെ, അതിനുശേഷം അക്കാര്യം ചെയ്താൽമതിയെന്ന് അവർ ഇങ്ങോട്ട് എഴുതി. അർബൻ ഡെവലപ്മെന്റ് സെക്രട്ടറിയാണ് അതെഴുതിയത്. ക്യാബിനറ്റ് അടുത്തുതന്നെ പാസ്സാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു അതുകൊണ്ട് ഇതിന്റെ എല്ലാ കാര്യവും ഡൽഹി മെട്രോയെ ഏല്പിക്കണം എന്ന് പറഞ്ഞ് കത്തെഴുതിയത് കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയാണ്. ഇതാണ് വസ്തുത. അങ്ങയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അങ്ങ് ഇക്കാര്യം എന്നോടും മുഖ്യമന്ത്രിയോടും അന്വേഷിച്ചിട്ടില്ല. അങ്ങ് പത്രത്തിൽ കണ്ട രൂപത്തിലാണ് പറഞ്ഞത്. അങ്ങ് ഇവിടെ കൊണ്ടുവന്ന് ഉന്നയിച്ചത് നന്നായി. ഇപ്പോഴെങ്കിലും ഇതിന്റെ വസ്തുത ജനങ്ങളെ അറിയിക്കാനുള്ള ഒരു അവസരം കിട്ടിയതിൽ ഞാൻ അങ്ങയോട് നന്ദി രേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : ഇതിന്റെ എം.ഡി. ആയിട്ട് നിങ്ങൾ ഇപ്പോൾ എടുത്തിരിക്കുന്ന ശ്രീ. ടോം ജോസിന്റെ ഇതു സംബന്ധിച്ചുള്ള കൂടെക്കൂടെയുള്ള പ്രസ്താവന ഞങ്ങളും ശ്രീ. ഇ. ശ്രീധരനു

മൊക്കെയായി ആലോചിച്ച് ചെയ്യുമെന്നാണ്. അതിന് കാറ്റഗറിക്കലായിട്ട് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞു, ഡൽഹി മെട്രോയ്ക്ക് സാധനങ്ങൾ വാങ്ങുന്നതടക്ക മുള്ള കാര്യങ്ങളോടുകൂടി ഏല്പിച്ചാൽ മാത്രമേ ഞങ്ങൾ സഹകരിക്കുയെന്ന്. അപ്പോൾ ഏതോ കോക്കസിൽ നിന്ന് ഇതുപോലെയുള്ള കാര്യങ്ങൾ, സാധന ങ്ങൾ വാങ്ങുന്നതിലുംമറ്റുമൊക്കെ ഒരു പങ്ക് കിട്ടിയാൽ അതിന് ചില പ്രയോ ജനങ്ങളൊക്കെ ഉണ്ടാകുമെന്ന് വിചാരിച്ചായിരിക്കും അവർ ഇത് പറയുന്നത്. ഏതായാലും കാറ്റഗറിക്കലായിട്ട് ഇക്കാര്യത്തിൽ ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വ ത്തിൽ ഡൽഹി മെട്രോയെ ഏൽപ്പിച്ചുകൊണ്ട് ഈ കാര്യങ്ങൾ നടത്തിയിട്ടി ല്ലെങ്കിൽ ഇപ്പോൾ മൂന്നു കൊല്ലമായതുപോലെതന്നെ വീണ്ടും നീളുമെന്നു മാത്രമല്ല അഴിമതിയും നടക്കും. അതുകൊണ്ട് അതുസംബന്ധിച്ചുള്ള കാറ്റഗറി ക്കലായിട്ടുള്ള നിലപാട് ഡൽഹി മെട്രോയെയാണ് ഏൽപ്പിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചതെന്നു പറഞ്ഞു. ഞാനത് വിശ്വസിക്കുന്നു. അതുപോലെ തന്നെ ശ്രീ. ഇ. ശ്രീധരന്റെ ഇക്കാര്യത്തിലുള്ള നിഷ്ക്കളങ്കമായ സഹകരണം മാത്ര മല്ല നേതൃത്വവും ഉണ്ടാകുമെന്നും പ്രതീക്ഷിക്കാമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : തീർച്ചയായിട്ടും ഞാൻ പറഞ്ഞല്ലോ, അങ്ങ് മനസ്സിലാക്കിയിട്ടില്ല. ഇതുമാത്രമല്ല ഇവിടുത്തെ റെയിൽവേയുടെ കാര്യങ്ങൾ മുഴുവൻ അദ്ദേഹത്തിനെ ഏൽപ്പിക്കാൻ ഞങ്ങൾ ഡിസ്ക്കസ് ചെയ്തതാണ്. അതിന് അദ്ദേഹം തയ്യാറായില്ല. അതാണ് വസ്തുത. അദ്ദേഹത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ഈ കാര്യം നടപ്പിലാക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. പിന്നെ അതിന്റെ പേരിൽ എന്തെങ്കിലും വാങ്ങണമെന്ന് ഇവിടെയില്ല. അങ്ങേഭാഗത്തുണ്ടോയെന്ന് എനിക്കറിയില്ല.

<u>**കെ.എസ്.ആർ.ടി.സി. സർവ്വീസ്**</u>

ശ്രീ. റ്റി. വി. രാജേഷ് : സർ, കണ്ണൂർ ജില്ലയിലെ ആദ്യത്തെ ദേശസാൽകൃത റൂട്ടാണ് കണ്ണൂർ – പഴയങ്ങാടി – പയ്യന്നൂർ റൂട്ട്. ഈ റൂട്ടിൽ നേരത്തെ കെ.എസ്.ആർ.ടി.സി.–യുടെ ചെയിൻ സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ നിലവിലില്ല. ഈ റൂട്ടിൽ 12 കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നേരത്തെ നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ കേവലം നാല് ബസ്സുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. പഴക്കംചെന്ന ബസ്സുകളായതുകൊണ്ട് പലപ്പോഴും ഈ നാല് ബസ്സുകളും സർവ്വീസ് നടത്താത്ത ഒരു സ്ഥിതിയുണ്ട്. ചില ദിവസങ്ങളിൽ ഒന്നോ രണ്ടോ ബസ്സുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. പയ്യന്നൂരിൽ നിന്ന് കണ്ണൂരിൽ എത്തിച്ചേരാൻ നാഷണൽ ഹൈവേയെ അപേക്ഷിച്ച് ഏഴ് കിലോമീറ്റർ ദൂരം കുറവുള്ള ഒരു റൂട്ടാണിത്. ഈ റോഡിപ്പോൾ മെക്കാഡം ടാറിംഗ്കൂടി നടത്തിയിരിക്കുകയാണ്. ബസ്സുകളുടെ മെയിന്റനൻസ് ചാർജ് കുറയാനും ഇന്ധനം ലാഭിക്കാനും ഇതുവഴി സാധിക്കും. അതുമാത്രമല്ല കോസ്റ്റൽ അക്കാഡമി, നേവൽ അക്കാഡമി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കണ്ണൂരിൽ നിന്ന് എത്രയും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന റൂട്ടുകൂടിയാണ്. മലബാറിൽ ഏറ്റവും പഴക്കംചെന്ന ഈ ദേശസാൽകൃത റൂട്ടിൽ ആദ്യകാലത്ത് ഓടിയ അത്ര ബസ്സുകൾ പോലും ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. അതുകൊണ്ട് ഈ ദേശസാൽകൃത റൂട്ട് സംരക്ഷിക്കാനും ആവശ്യമായ അത്രയും ബസ്സ് സർവ്വീസുകൾ നടത്താനും ജനങ്ങളുടെ യാത്രാക്ലേശത്തിന് അറുതിവരുത്താനും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി തയ്യാറാകുമോ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. ഞാനതിലെ വസ്തുതകൾ നിഷേധിക്കുന്നില്ല. കണ്ണൂർ–പഴയങ്ങാടി റൂട്ടിൽ പഴയങ്ങാടി

പാലം പണികഴിഞ്ഞതിനുശേഷം പയ്യന്നൂർ–കണ്ണൂർ റൂട്ടിൽ ഏഴ് കിലോമീറ്റർ എന്നാണ് അങ്ങ് പറയുന്നത്, എനിക്ക് ഡിപ്പാർട്ട്മെന്റ് എഴുതി തന്നതിൽ നാല് കിലോമീറ്റർ എന്നാണ്. അങ്ങ് അവിടുത്തെ എം.എൽ.എ.–യായതുകൊണ്ടും കാര്യങ്ങൾ അറിയാവുന്നതുകൊണ്ടും അങ്ങ് പറയുന്നതാവും ശരി എന്ന് ഞാൻ വിശ്വസിക്കുകയാണ്. അവിടെ നേരത്തെ കുറച്ച് ബസ്സുകൾ അനുവദിച്ചിരുന്നു. പഴയങ്ങാടിയിൽ നിന്ന് പയ്യന്നൂരിലേയ്ക്കും തിരിച്ച് പയ്യന്നൂരിൽ നിന്ന് പഴയങ്ങാടിയിലേയ്ക്കും അയ്യഞ്ച് മിനിറ്റ് കൂടുമ്പോൾ ബസ്സ് സർവ്വീസ് നടത്തിയിരുന്നു.  അതു ഭയങ്കര നഷ്ടം വന്നു. അവിടെ പ്രൈവറ്റ് ബസ് ഓടുന്നതിനാൽ നമ്മുടെ ബസ്സിന് അവിടെ കളക്ഷൻ കുറവാണ്. ഒരു പത്ത് പതിനഞ്ച് മിനിറ്റെങ്കിലും ഗ്യാപ്പുണ്ടെങ്കിൽ മാത്രമേ നമുക്ക് വലിയ നഷ്ടമില്ലാതെ കൊണ്ടുപോകാൻ കഴിയു. അതിന് കിലോമീറ്ററിന് 20 രൂപയെങ്കിലും കിട്ടണം. അത് കിട്ടാത്ത ഒരു സാഹചര്യത്തിൽ അയ്യഞ്ച് മിനിറ്റ് കൂടുമ്പോൾ പ്രൈവറ്റ് ബസ്തന്നെ ഉള്ളതുകൊണ്ട് ചില ബസ്സുകൾ നിർത്തിയിട്ടുണ്ട്. വേറൊരു കുഴപ്പമുള്ളത്, ട്രെയിൻ സർവ്വീസ് വർദ്ധിച്ചു. അവിടെ റെയിൽവേയ്ക്ക് രണ്ട് ഗേറ്റുള്ളതിനാൽ കുറേ സമയം അങ്ങനെ നഷ്ടപ്പെടുന്നതിനാൽ യാത്രക്കാർ കയറാൻ മടി കാണിക്കുന്നുണ്ട്. എന്നാലും നമ്മുടെ കൈയിലുള്ള ബസ്സിന്റെ കണക്ക് ബഹുമാനപ്പെട്ട എളമരം കരീം ഇവിടെ പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചുകാണുമെന്ന് മനസ്സിലാക്കുന്നു. അതാണ് പൊസിഷൻ. ഏതായാലും ആ പാലം വന്നപ്പോൾ അവിടെ നാഷണലൈസ് ചെയ്യാൻ തീരുമാനിച്ചതാണ്. പക്ഷേ അത് നോട്ടിഫൈ ചെയ്തിട്ടില്ല. അത് നോട്ടിഫൈ ചെയ്യാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളും. ബസ്സിന്റെ ലഭ്യതയ്ക്കും അവിടത്തെ ആവശ്യകതയും കണക്കിലെടുത്തുകൊണ്ട് പരമാവധി സഹായിക്കും.

## മണ്ണാർക്കാട് ഐ.റ്റി. പാർക്ക്

ശ്രീ. എൻ. ഷംസുദീൻ : സർ, മണ്ണാർക്കാട് മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സഭയുടേയും വ്യവസായ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് സബ്മിഷൻ. മണ്ണാർക്കാട് മണ്ഡലത്തിലോ പരിസരത്തിലോ എണ്ണപ്പെട്ട വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ വ്യവസായ സംരം ഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പ്രത്യേകിച്ച് ഭൂമിയുടെ ലഭ്യതയടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ വ്യവസായ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുടെയും പ്രതിനിധികളുമായി പ്രാദേശിക തലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ രണ്ട് പ്രമുഖമായ നിർദ്ദേശങ്ങൾ വ്യവസായ വകുപ്പിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഒന്ന് ഐ.റ്റി. പാർക്കാണ്, ഗ്രാമീണ മേഖലയിൽ ഐ.റ്റി. വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ആ പ്രദേ ശത്തെ നിക്ഷേപത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും ഒരു ഐ.റ്റി. പാർക്കിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസലുണ്ട്. ഇതിനുവേണ്ടി മണ്ണാർക്കാട് –1 വില്ലേജിൽ 44/4/എ –യിൽ 12 ഏക്കർ റവന്യു ഭൂമി ഉണ്ടെന്ന് വ്യവസായ ഉദ്യോഗസ്ഥന്മാർ ഐഡന്റിഫൈ ചെയ്തിട്ടുമുണ്ട്. പോരാത്തതിന് ഈ വർഷത്തെ ബഡ്ജറ്റിൽ ചെറിയ പട്ടണങ്ങളിൽ ഐ.റ്റി. പാർക്കുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവുമുണ്ട്. ഇതെല്ലാം ഒത്തുവന്ന സാഹചര്യത്തിൽ ഒരു ഐ.റ്റി. പാർക്കിനുള്ള സാധ്യത മണ്ണാർക്കാടുണ്ട്. അതിനുവേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നൊരു പ്രൊപ്പോസൽകൂടി വ്യവസായ വകുപ്പിന്റെ മുമ്പിലുണ്ട്. മണ്ണാർക്കാടിന് തൊട്ടടുത്തുള്ള കോയമ്പത്തൂരിലേയും തിരുപ്പൂരിലേയും ടെക്സ്റ്റൈൽ ഇൻഡസ്ട്രി അതുപോലെ തന്നെ സ്പെയർപാർട്ട്സ് മാനുഫാ

ക്ചറിംഗിനുവേണ്ടിയുള്ള സൗകര്യങ്ങളും. പ്രത്യേകിച്ച് കോച്ച് ഫാക്ടറി വരുന്ന പശ്ചാത്തലത്തിൽ അതിനുവേണ്ടിയുള്ള അനുബന്ധ വ്യവസായങ്ങൾ ഉണ്ടാക്കുന്നതിന് ഒരു മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ ഫ്ളാറ്റ് അല്ലെങ്കിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങാനുള്ള സാഹചര്യങ്ങളും മണ്ണാർക്കാടുണ്ട്. അതിനുവേണ്ട ഭൂമിയും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. മണ്ണാർക്കാട്-1 വില്ലേജിലെ 44/3-ൽപെട്ട ഏഴ് ഏക്കറോളം ഭൂമി ഈ കാര്യത്തിന് ഉപയോഗിക്കാവുന്ന ഒരു സാഹചര്യവും പ്രാദേശികമായി ഉണ്ടാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നിലവിൽ വ്യവസായ സംരംഭങ്ങൾ ഒന്നും ഇല്ലാത്തതും എന്നാൽ ഇത്തരം സംരംഭങ്ങൾ തുടങ്ങാനുള്ള എല്ലാ പശ്ചാത്തല സൗകര്യങ്ങളുള്ളതുമായ ഒരു ചെറിയ പട്ടണം എന്ന രീതിയിൽ ഈ രണ്ട് വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിന് വ്യവസായ വകുപ്പു നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സഭ മുമ്പാകെ അപേക്ഷിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലവും അതുപോലെ തന്നെ സംരംഭകരുടെ സാധ്യതയുമൊക്കെ നോക്കി വ്യവസായ പാർക്കുകൾ തുടങ്ങുന്ന കാര്യത്തിൽ ഗവൺമെന്റിന് ബുദ്ധിമുട്ടില്ല. സാമ്പത്തിക പ്രശ്നമുണ്ട്. കാരണം സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ, ഗവൺമെന്റ് ഭൂമിയാണെന്നുണ്ടെങ്കിൽ ഗവൺമെന്റിന് തുടങ്ങാം. പൊതുമേഖലയിൽ തുടങ്ങാനുള്ള പരിപാടിയില്ല. ഓരോരോ പ്രദേശത്തുമുള്ള സാധ്യതകൾവച്ച് എവിടെ സ്ഥലം കിട്ടുമോ അവിടെ അതിനുവേണ്ട സപ്പോർട്ടും കാര്യങ്ങളും കൊടുത്ത് ഏറ്റെടുക്കാനും വ്യവസായ പാർക്കുകൾ ഉണ്ടാക്കാനും ഗവൺമെന്റിന് പോസിറ്റീവായിട്ടുള്ള ഒരു നിലപാടേയുള്ളു. അതുകൊണ്ടുതന്നെ മണ്ണാർക്കാട് മണ്ഡലത്തിൽ വന്നിരിക്കുന്ന

പ്രൊപ്പോസൽ വളരെ ഗൗരവമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കും.

## നെല്ലിന്റെ സംഭരണ വില

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയാണ് സബ്മിഷന് മറുപടി നല്കേണ്ടതെങ്കിലും ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും ഇത് കൊണ്ടുവരേണ്ടതുണ്ട്. പക്ഷേ അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ല. . ഭക്ഷ്യവകുപ്പുമന്ത്രി നിസ്സഹായനാണ്. എണ്ണായിരം കോടി രൂപ മെട്രോ റെയിൽ പദ്ധതിക്കും. അയ്യായിരം കോടി രൂപ പി.ഡബ്ല്യു.ഡി. ക്കും ആയിരക്കണക്കിന് കോടി രൂപ വിദ്യാഭ്യാസ മേഖലയിലും ചെലവാക്കുന്നുണ്ട്. ഗവൺമെന്റിന്റെ ഔദ്യാര്യമല്ല ഞാൻ ചോദിക്കുന്നത്. 200 കോടി രൂപയുടെ നെല്ല് സപ്ലൈകോ സംഭരിച്ചിട്ട് നാലഞ്ച് മാസം കഴിഞ്ഞിട്ടും ഓരോ കർഷകനും ബാങ്കിൽ ചെന്ന് കാശ് വന്നോ എന്ന് ചോദിക്കേണ്ട അവസ്ഥയാണുള്ളത്. . ഞാൻ ഇവിടെ ഇരിക്കുന്നതിനു തന്നെ ലജ്ജിക്കുകയാണ്. എന്ത് കഷ്ടമാണിത്. കുറേയൊക്കെ കൊടുത്തിട്ടുണ്ട്. എനിക്ക് തന്നെ ഏഴ് ലക്ഷം രൂപ ഇനി കിട്ടാനുണ്ട്. വേറെ ആരേയും സാക്ഷി വേണ്ടല്ലോ. ഞാൻ ഒന്ന് ചോദിക്കട്ടെ, പാടത്ത് വിത്ത് വിതച്ച്, വളം ഇട്ട്, മട വീഴുന്നുണ്ടോയെന്ന് നോക്കി കാത്തിരുന്ന് നെല്ല് കൊയ്ത് ഉണക്കി ചാക്കിൽ കെട്ടി കൊടുത്തിട്ട്, ആ നെല്ല് കൊണ്ടുപോയി പുഴുങ്ങി, കുത്തി അരിയാക്കി മാർക്കറ്റിൽ കൊണ്ടുപോയി വിറ്റിട്ട് മാസങ്ങളായിട്ട് കർഷകന്റെ കാശ് എവിടെയാണ്; സർക്കാരിന് ഒരു ഉത്തരവാദിത്വവും ഇല്ലേ; അതുകൊണ്ട് വരുന്ന കൃഷിക്കെങ്കിലും നെല്ലെടുത്താൽ പത്ത് ദിവസത്തിനുള്ളിൽ അവർക്ക് കാശ് കിട്ടാനുള്ള മാർഗ്ഗം സൃഷ്ടിച്ച് കേരളത്തിലെ നെൽ കർഷകനെ പ്രത്യേകിച്ച് സമുദ്രനിരപ്പിന് താഴെ കൃഷി ചെയ്യുന്ന കുട്ടനാട്ടിലെ കർഷകനോട് നീതി പാലിക്കണമെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യവകുപ്പുമന്ത്രിയോടും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കർഷകർക്ക് കൊടുക്കാനുണ്ടായിരുന്ന തുകയിൽ 2011-12 വർഷത്തെ ഒന്നാം സീസണിലെ മുഴുവൻ തുകയും കൊടുത്ത് തീർത്തിട്ടുണ്ട്. രണ്ടാം സീസണിലെ തുകയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. മൊത്തത്തിൽ 607 കോടി രൂപയായിരുന്നു കൊടുക്കാനുണ്ടായിരുന്നത്. അതിൽ 486 കോടി രൂപ കൊടുത്ത് തീർത്തിട്ടുണ്ട്. ലോണെടുത്ത് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനനുസൃതമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. കുട്ടനാട് ഏരിയായിൽ 274 കോടി രൂപയാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്. അതിൽ 194 കോടി രൂപ കൊടുത്തിട്ടുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു അലംഭാവവും കാണിച്ചിട്ടില്ല. വളരെ കാര്യക്ഷമമായി തന്നെ ആ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ആരേക്കാളും കൂടുതൽ കർഷകരുടെ കാര്യത്തിൽ വളരെയേറെ ശ്രദ്ധാലുവുമാണ്.

## ഹയർ സെക്കണ്ടറി സ്കൂൾ

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുപുറം, കാരോട്, എന്നീ പഞ്ചായത്തുകളും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ പെരുമ്പഴുതൂർ പഞ്ചായത്തും വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളാണ്. പ്രസ്തുത പ്രദേശം കൃഷിക്കാരും തൊഴിലാളികളും മറ്റു പിന്നോക്കക്കാരും താമസിക്കുന്ന അവികസിത മേഖലയാണ്. അവിടെ കുട്ടികൾക്ക് പഠിക്കുന്നതിന് തിരുപുറം പഞ്ചായത്തിലെ കഞ്ചാംപഴിഞ്ഞി ഗവൺമെന്റ് ഹൈസ്കൂളും കാരോട് പഞ്ചായത്തിൽ അയിര ഗവൺമെന്റ് ഹൈസ്കൂളും പെരുമ്പഴുതൂരിൽ ഗവൺമെന്റ് ഹൈസ്കൂളുമാണ് ഇപ്പോൾ ഉള്ളത്. പ്രസ്തുത പ്രദേശങ്ങളിൽ സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ യാതൊരുവിധ ഹയർസെക്കണ്ടറി സ്കൂളുകളും ഉപരി പഠനത്തിനുവേണ്ടി ഇല്ല. ആയതിനാൽ പ്രസ്തുത പഞ്ചായത്തുകളിലെ സർക്കാർ ഹൈസ്കൂളുകളിൽ ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകളിലേയും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന പെരുമ്പഴുതൂർ പ്രദേശത്തേയും സ്കൂളുകളിൽനിന്നും മാർച്ച് 2012-ൽ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി ഉന്നതപഠനത്തിന് യോഗ്യത നേടിയ മുഴുവൻ കുട്ടികൾക്കും ഹയർസെക്കണ്ടറി പഠനത്തിന് നിലവിലുള്ള സീറ്റുകൾ പര്യാപ്തമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കാരോട് ജി.കെ.വി.എച്ച്.എസ്സ്-ൽനിന്നും 59 പേരാണ് 2012-ൽ എസ്.എസ്.എൽ.സി. ജയിച്ചിട്ടുളളത്. കാരോട് പഞ്ചായത്തിന്റെ പരിധിയിൽ ഹയർസെക്കണ്ടറി

തലത്തിൽ മറ്റ് പഠന സൗകര്യങ്ങളില്ല. തിരുപുറം പഞ്ചായത്തിൽ ആകെ 74 കുട്ടികൾ മാർച്ച് 2012–ൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുണ്ട്.. ഇവിടെ ഹയർസെക്കണ്ടറി സ്കൂളില്ല. എന്നാൽ ഈ പഞ്ചായത്തിൽ വി.എച്ച്. എസ്.ഇ. ക്ക് 50 സീറ്റുകൾ ലഭ്യമാണ്. അതിയന്നൂർ പഞ്ചായത്തിൽ മാർച്ച് 2012–ൽ 1188 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി ഉന്ന പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്.. അവിടെ 460 പ്ലസ് വൺ സീറ്റുകളാണുള്ളത്. ഈ പഞ്ചായത്തിൽ ഗവൺമെന്റ് തലത്തിൽ ഹൈസ്കൂൾ ഇല്ല. എന്നാൽ എയ്ഡഡ് തലത്തിലും സ്വാശ്രയ തലത്തിലും ഓരോ ഹയർസെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്. പെരുമ്പഴുതൂർ പ്രദേശത്ത് 135 കുട്ടികൾ എസ്. എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. എന്നാൽ ഹയർസെക്കണ്ടറി തലത്തിൽ സ്കൂളുകളൊന്നും ഇവിടെ പ്രവർത്തിക്കുന്നില്ല. സംസ്ഥാനതലത്തിൽ തന്നെ മാർച്ച് 2012–ന് എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനം സാധ്യമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിലേക്ക് പ്ലസ് ടു സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. എന്നാൽ പുതുതായി ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഓരോ പ്രദേശത്തിന്റേയും ആവശ്യകത പരിഗണിച്ച് ഇതിനു വേണ്ടുന്ന സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ ഹയർസെക്കണ്ടറി പഠന സൗകര്യം തുടങ്ങാൻ നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രദേശങ്ങളും പരിഗണിക്കപ്പെടുന്നതാണ്.

## വിദ്യാഭ്യാസ ജില്ല

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന ഓഫീസാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്. സ്കൂളുകളിലെ ആന്വൽ വിസിറ്റ്, സ്കൂൾ ഇൻസ്പെഷൻ, പ്രവേശനോൽസവം, കലോൽസവം, കായികമേള, ഉച്ചക്കഞ്ഞി വിതരണം, അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ, ശമ്പള ബിൽ, പി.ടി.എ. പ്രവർത്തനം ഇക്കാര്യങ്ങൾക്കെല്ലാം മേൽനോട്ടം വഹിക്കേണ്ടത് എ.ഇ.ഒ. ഓഫീസാണ്. എന്റെ നിയോജകമണ്ഡലത്തിൽ എ.ഇ.ഒ. ഓഫീസിന്റെ പരിധിയിൽ നൂറിലധികം സ്കൂളുകളാണുള്ളത്. അതി വിസ്തൃതമായ പന്ത്രണ്ട് പഞ്ചായത്തിലെ പ്രദേശങ്ങളെ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയിരത്തോളം അദ്ധ്യാപകർ ജോലി ചെയ്യുന്ന നൂറിലധികം സ്കൂളുകൾക്കും ഇരുപത്തയ്യായിരം കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി ഈയൊരു എ.ഇ.ഒ. ഓഫീസാണുള്ളത്. സംസ്ഥാനത്തുതന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും വിസ്തൃതിയുള്ള എ.ഇ.ഒ. ഓഫീസാണിത്. അത് വിഭജിച്ച് പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം വളരെ നാളുകളായി മുൻ എം.എൽ.എ. മുതൽ സർക്കാരുകളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിൽ പുതിയ വിദ്യാഭ്യാസ ജില്ല ആരംഭിക്കുമെന്ന് കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതിനോടനുബന്ധമായി സ്ക്കൂളുകളുടെ എണ്ണം മാനദണ്ഡമാക്കിയും വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്തുകൊണ്ടും വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പേരാവൂരിൽ പുതിയ വിദ്യാഭ്യാസ ഉപജില്ല അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):സർ, ഇരിട്ടി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിച്ച് പേരാവൂർ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് രൂപീകരിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയും അതിന്റെയടിസ്ഥാനത്തിൽ സമഗ്രമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എങ്കിലും പുതിയ വിദ്യാഭ്യാസ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ജോലി ഭാരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട് എന്നത് തർക്കമറ്റ വസ്തുതയാണ്. ഉപ ജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനവും ജോലിഭാരവും വിദ്യാഭ്യാസ പാക്കേജിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടിയിരിക്കുന്നു. കൂടാതെ പുതിയ തസ്തിക സൃഷ്ടിക്കൽ, മറ്റ് ഭൗതീക സാഹചര്യമൊരുക്കൽ എന്നീ കാര്യങ്ങൾക്ക് ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത കൂടി കണക്കിലെടുത്തശേഷം ആവശ്യമെങ്കിൽ പുതിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മാലിന്യ പ്രശ്നം

മി. സ്പീക്കർ: ഈ വിഷയത്തിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണനും നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രൊഫ: സി. രവീന്ദ്രനാഥ്: സർ, സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരം ദുർഗന്ധങ്ങളുടെ നാടായി മാറിയിരിക്കുകയാണ്. അവിടെ മാലിന്യക്കൂമ്പാരങ്ങൾ സർവ്വസാധാരണ ദൃശ്യമായിക്കഴിഞ്ഞിരിക്കുന്നു. തൃശ്ശൂർ കോർപ്പറേഷൻ നിശ്ചല മൂക സാക്ഷിയായി നിൽക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ലാമ്പ്സ് പദ്ധതി പൂർണ്ണമായും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. തൃശ്ശൂർ കോർപ്പറേഷന്റെ നഗരഭാഗത്തിന് പുറത്ത് നഗര സംസ്ക്കാര സാന്ദ്രത ഇപ്പോഴും വളരെ കുറവാണ്. പഴയ പഞ്ചായത്തുകളുടെ പ്രദേശം അതു പോലെ തന്നെ നിലനിൽക്കുന്നു. അതുകൊണ്ട് വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനത്തിന് ഏറ്റവും ഉചിതമായ നഗരമാണ് തൃശ്ശൂർ. കേന്ദ്രീകൃത സംവിധാനം കൂടുതൽ വികസിപ്പിക്കുന്നതാണ് സർക്കാരിന്റെയും കോർപ്പറേഷന്റേയും നയമെങ്കിൽ തൃശ്ശൂരിന്റെ മാലിന്യ പ്രശ്നം ഒരിക്കലും പരിഹരിക്കപ്പെടുകയില്ല. അതുകൊണ്ട് പരസ്പര പൂരകമായ വികേന്ദ്രീകൃത/കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് തൃശ്ശൂരിനെ ഉത്തമ മാതൃകയാക്കി മാറ്റുന്നതിനു വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ടവരുടെ അടിയന്തിര യോഗം തൃശ്ശൂരിൽ ചേർന്ന് ഒരു പദ്ധതി ദീർഘ വീക്ഷണത്തോടെ രൂപീകരിക്കണമെന്നും സാംസ്കാരിക തലസ്ഥാനത്തിന്റെ ഈ കളങ്കത്തെ കഴുകിക്കളയണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2012 ജനുവരി 23-ന് ലാലൂർ

ട്രെഞ്ചിംഗ് ഗ്രൗണ്ടിൽ തീപിടുത്തം ഉണ്ടായശേഷം നഗരത്തിൽ നിന്നും മാലിന്യം അവിടേയ്ക്ക് കൊണ്ടുപോകുന്നത് സമര സമിതിക്കാർ തടസ്സപ്പെടുത്തിയിരിക്കുന്നത് കാരണം തൃശ്ശൂർ നഗരത്തിലെ ദൈനംദിന മാലിന്യ നീക്കത്തിന് തടസ്സം നേരിട്ടിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങളിലേയ്ക്ക് നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് മാലിന്യം നീക്കം ചെയ്ത് നഗര പരിസരം പരമാവധി വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ശ്രമിച്ചുവരുന്നതായാണ് കോർപ്പറേഷൻ സർക്കാരിനെ അറിയിച്ചിരിക്കുന്നത്. ഉറവിടത്തിൽതന്നെ മാലിന്യം വേർതിരിച്ച് സംസ്ക്കരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ലാമ്പ്സ് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ നഗരസഭയിൽ 400 കുടുംബങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ ആവശ്യത്തിലേയ്ക്കായി 2750 ബയോഗ്യാസ് പ്ലാന്റുകൾ, 25,000 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, ഫ്ളാറ്റുകൾക്കും സ്ഥാപനങ്ങൾക്കും 200 കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ അടങ്ങിയ 6.6 കോടി രൂപയുടെ പദ്ധതിയും ശുചിത്വ മിഷൻ വഴി സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. നഗരഹൃദയത്തിലുള്ള ശക്തൻ തമ്പുരാൻ മാർക്കറ്റിൽ പ്രതിദിനം നാല് ടൺ മാലിന്യം സംസ്ക്കരിക്കുന്നതിന് കഴിയുന്ന ആധുനിക രീതിയിലുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യം ജൈവവളമാക്കി മാറ്റുന്ന പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയതിനെത്തുടർന്ന് കോർപ്പറേഷൻ തുടർ നടപടികൾ ധൃതഗതിയിൽ നടത്തിവരുന്നുണ്ട്. നഗരസഭയിലെ ലാലൂരിൽ മലിനീകരണമുണ്ടാക്കാത്ത പരിസ്ഥിതി സൗഹൃദമായ ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ദേശീയ തലത്തിൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

അവിടെയിപ്പോൾ കെട്ടിക്കിടക്കുന്ന മാലിന്യം വെയ്ൽ ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മേൽ നടപടികളിലൂടെ തൃശ്ശൂർ നഗരസഭയിലെ മാലിന്യപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സർക്കാർ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിവരികയാണ്. ഇക്കാര്യങ്ങളെല്ലാം പ്രാവർത്തികമാകുന്നതോടെ നഗരത്തിൽ മാലിന്യം കെട്ടിക്കിടക്കുന്ന സ്ഥിതി വിശേഷം ഭാവിയിൽ ഉണ്ടാവുകയില്ലെന്ന് സർക്കാർ കരുതുന്നു.

## സ്റ്റേറ്റ് ഹൈവേ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തി റോഡ് ഗതാഗതം സഞ്ചാരയോഗ്യമാക്കുന്നതിന് നാലുവരിപ്പാത നിർമ്മിച്ച് മെക്കാഡം ചെയ്യുന്നതിനുവേണ്ടി റോഡ് സൈഡിലെ ആളുകളെ മുഴുവൻ കുടിയൊഴിപ്പിച്ച് ആറുകൊല്ലം കഴിഞ്ഞിട്ടും റോഡിന്റെ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണു ളളത് കെ.എസ്.ടി.പി. റോഡ് നിർമ്മിക്കുമെന്നാണ് പറയുന്നത്. ഓരോ വർഷവും ഈ വിഷയം സഭയിൽ ഉന്നയിച്ചാൽ എം.എൽ.എ. മാർക്ക് മന്ത്രി കൊടുക്കുന്ന മറുപടി 'എത്രയും വേഗം നിർമ്മിക്കും, എത്രയും വേഗം നിർമ്മിക്കും' എന്നാണ്. റോഡിനുവേണ്ടി സ്ഥലം വിട്ടുകൊടുത്ത ആളുകൾ വീണ്ടും സ്ഥലം കയ്യേറി പല തരത്തിൽ ഉപയോഗപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ വന്നാൽ റോഡിന്റെ പ്രവൃത്തി തടസ്സപ്പെടാൻ പോകുകയാണ്. അതുകൊണ്ട് സ്റ്റേറ്റ് ഹൈവേ എന്നത് അഭിവൃദ്ധിപ്പെടുത്തി എത്രയും വേഗം പൂർത്തീകരിക്കാൻ കഴിയണം. കാഞ്ഞങ്ങാട്-കാസർഗോഡ് ദേശീയ പാതയുടെ ദൂരം 36 കിലോമീറ്ററാണ്. ഈ 36 കിലോമീറ്ററിൽ പത്തു കിലോമീറ്ററും കയറ്റവും വളവും ഇറക്കവുമാണ്. കാഞ്ഞ

ങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേ കോസ്റ്റൽ ഏരിയയിൽക്കൂടി കയറ്റമോ ഇറക്കമോ വളവോ ഇല്ലാതെ പോകുന്ന റോഡാണ്. എല്ലാ വാഹനങ്ങൾക്കും യാത്രയ്ക്ക് പറ്റുന്ന റോഡ് എന്നത് കണക്കിലെടുത്ത് എത്രയും വേഗം ഈ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്ന റോഡാണ് കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്. 27.76 കിലോ മീറ്റർ ദൈർഘ്യമുള്ള ഈ റോഡ്, 7 മീറ്റർ വീതിയിൽ ഗ്രാനുവൽ സബ് ബേസ്ഡ് വെറ്റ് മിക്സഡ് മെക്കാഡം ബിറ്റുമിൻസ് മെക്കാഡം ആന്റ് ബിറ്റുമിൻസ് കോൺക്രീറ്റ് എന്ന രീതികൾ അവലംബിച്ചാണ് നിർമ്മിക്കുന്നത്. കൂടാതെ റോഡിന്റെ ഇരുവശങ്ങളിലും 2.5 മീറ്റർ വീതിയിൽ പേവ്ഡ് ഷോൾഡർ, റോഡ് മാർക്കിംഗ്, ഇരുവശങ്ങളിലും ഓടകൾ, റോഡ് ഡ്രെയിനേജ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ജംഗ്ഷൻ ക്രമീകരണങ്ങൾ, ജംഗ്ഷൻ വികസനം, മരം വച്ചുപിടിപ്പിക്കൽ, റോഡിന് ഇരുവശവും ലൈറ്റുകൾ സ്ഥാപിക്കൽ, റോഡ് നവീകരണത്തിനുശേഷം മിച്ചം വരുന്ന സ്ഥലങ്ങളിൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയും നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ചില പുതിയ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റേയും ലോക ബാങ്കിന്റേയും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുന്നതോടെ രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടി 2012 ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കാൻ

കഴിയുന്നതാണ്. തുടർന്ന് 2012 ഡിസംബർ മാസത്തോടുകൂടി രണ്ടാം ഘട്ട ത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടെ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ പ്രവൃത്തിയും ആരംഭി ക്കും.

## നേമം സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ശിവൻകുട്ടി : സർ, നേമം നിയോജക മണ്ഡലത്തിൽ ദേശീയ പാതയ്ക്ക് സമീപം ഒന്നേകാൽ ഏക്കറോളം സ്ഥലത്ത് ശാന്തിവിളയിൽ സ്ഥിതി ചെയ്യുന്ന ആശുപത്രിയാണ് നേമം താലൂക്കാശുപത്രി. പേരിനുമാത്ര മാണ് ഇതൊരു താലൂക്ക് ആശുപത്രിയായി അറിയപ്പെടുന്നത്. എന്നാൽ ഈ ആശുപത്രിയിലുള്ള അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ മാത്രം നിലവാരത്തിലുള്ളതാണ്. നേമം മണ്ഡലത്തിലെ മാത്രമല്ല, കാട്ടാക്കട, കോവളം എന്നീ മണ്ഡലങ്ങളിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾക്ക് ഇവിടെ ശരണം പ്രാപി ക്കേണ്ടതായിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു ഗൈനക്കോളജി തസ്തിക മാത്രമേയുള്ളു. അത് മൂന്നായി വർദ്ധിപ്പിക്കുകയും ആധുനിക സൗകര്യങ്ങ ളുള്ള ഓപ്പറേഷൻ തിയേറ്ററും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക ഏർപ്പെടുത്തുകയും ചെയ്താൽ ഈ ആശു പത്രിയെ ആശ്രയിക്കുന്ന ഗർഭിണികൾക്ക് വളരെയധികം പ്രയോജനം ചെയ്യു ന്നതാണ്. അതുപോലെ ശിശുരോഗ ചികിത്സയ്ക്കായി പീഡിയാട്രീഷ്യന്റെ നാല് തസ്തികകൾ കൂടി സൃഷ്ടിക്കണം. കാഷ്വാലിറ്റി 24 മണിക്കൂറും പ്രവർത്തിക്കണമെങ്കിൽ കുറഞ്ഞത് നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീ സർമാരെ അടിയന്തിരമായി നിയമിക്കണം. ഇവിടെ രണ്ട് ദന്തൽ ചെയർ ഉണ്ട്. എന്നാൽ ദന്തൽ അസിസ്റ്റന്റ് സർജന്റെ ഒരു തസ്തികയേ ഉള്ളു. ഒരു ദന്തൽ

സർജനെക്കൂടി നിയമിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ടി.ബി. യൂണിറ്റിന്റെ ആസ്ഥാനം ഈ ആശുപത്രിയിലാണ്. ഈ ആശുപത്രിയുടെ കീഴിൽ 14 ആരോഗ്യ. കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ 14 കേന്ദ്രങ്ങളിലേയ്ക്കുള്ള മരുന്നുകൾ സൂക്ഷിക്കുന്നത് ഈ ആശുപത്രിയിലാണ്. എന്നാൽ അതിനുള്ള സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ഇല്ല. അതിനാൽ ടി.ബി. യൂണിറ്റിനുവേണ്ട കെട്ടിടവും ഒരു എക്സ്–റേ യൂണിറ്റും വളരെ അത്യാവശ്യമാണ്. എക്സ്–റേ ടെക്നീഷ്യന്റെ ഒരു തസ്തികയും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, എലിപ്പനി എന്നീ രോഗങ്ങൾക്കുള്ള പരിശോധനാ സംവിധാനങ്ങൾ ഇവിടെയില്ല. ഈ പരിശോധനകൾക്കുള്ള കിറ്റുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുകയും മൂന്ന് ലാബ് ടെക്നീഷ്യൻമാരുടെ സേവനം ഉറപ്പാക്കുകയും വേണം. താലൂക്ക് ആശുപത്രി നിലവാരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ടതിനാൽ ഇപ്പോൾ മൂന്ന് തസ്തിക മാത്രമാണ് അവിടെയുള്ളത്. ഇപ്പോൾ 61 കിടക്കകൾ മാത്രമേയുള്ളു. അത് 200 കിടക്കകളായി ഉയർത്തണം. ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു നിലകൂടി പണിയുകയോ പുതിയ കെട്ടിടം പണിയുകയോ ചെയ്താൽ 200 കിടക്കകൾക്കുള്ള സംവിധാനം കൈവരിക്കാനും ഈ ആശുപത്രി താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയരുകയും ചെയ്യും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ ആശുപത്രി 01–03–2011–ലാണ് തൂലൂക്കാശുപത്രിയായി ഉയർത്തിയത്. നേമം, കാട്ടാക്കട, കോവളം നിയോജക മണ്ഡലങ്ങളിലെ ജനങ്ങൾ ഈ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. നേമം ശാന്തിവിള താലൂക്കാശുപത്രിയിൽ 61 കിടക്കകളാണ് നിലവിലുള്ളത്. ഈ ആശുപത്രിയിൽ ഒരു ദിവസം 700–നും 800–നും ഇടയിൽ രോഗികൾ

ചികിത്സ തേടിയെത്തുന്നുണ്ട്. 61 കിടക്കകളുള്ള ഈ ആശുപത്രിയിൽ ശരാശരി 21 രോഗികൾ ഇൻപേഷ്യന്റായി ചികിത്സയ്ക്ക് എത്തുന്നു. ഈ ആശുപത്രിയിൽ ഒരു സൂപ്രണ്ട്, ഒരു ഗൈനക്കോളജിസ്റ്റ്, ഒരു പീഡിയാട്രീഷ്യൻ, രണ്ട് സിവിൽ സർജൻമാർ, നാല് അസിസ്റ്റന്റ് സർജൻമാർ എന്നിവരുടെ തസ്തികകൾ നിലവിലുണ്ട്. ഇതിൽ ഏഴ് പേർ ഈ ആശുപത്രിയിൽ ജോലി ചെയ്തുവരുന്നു. ഇവരെക്കൂടാതെ എട്ട് സ്റ്റാഫ് നഴ്സുമാരും മൂന്ന് ലേബർ ടെക്നീഷ്യൻമാരും രണ്ട് ഫാർമസിസ്റ്റുകളും ഇവിടെ ജോലി ചെയ്യുന്നു. നിലവിൽ ഇവിടെ ഹോസ്പിറ്റൽ അറ്റന്റിന്റെ അഞ്ച് തസ്തികകളുള്ളതിൽ രണ്ടെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. ഡോക്ടർമാർ ടേൺ ഡ്യൂട്ടിയെടുത്ത് 24 മണിക്കൂറും ഈ ആശുപത്രി പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു. ഇവിടെ രാവിലെ എട്ടുമണി മുതൽ ക്ലിനിക്കൽ ലബോറട്ടറിയും ഫാർമസിയും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഈ വർഷം 250 ഡോക്ടർമാരേയും 570 നേഴ്സുമാരേയും അധികമായി നിയമിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇത് പ്രാവർത്തികമാകുമ്പോൾ ശാന്തിവിള ആശുപത്രിയിലും ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. പനി ചികിത്സയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകുന്നതാണ്. സംസ്ഥാനത്ത് ജില്ലാ ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെട്ട പത്തോളം സ്ഥാപനങ്ങൾ ഇന്ന് നിലവിലുണ്ട്. സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളും അതുപോലെതന്നെ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളുമായി ഉയർത്തിയത് നിരവധിയുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും ഐ.പി.എച്ച്.എസ്. (ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്) അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ

പ്രൊപ്പോസൽസ് അവർക്കില്ല. പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. അപ്പോൾ ഇതുപോലെയുള്ള ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

## തിരൂർ ജില്ലാ ആശുപത്രി

ശ്രീ. സി. മമ്മൂട്ടി : സർ, 2011 ജനുവരിയിൽ താലൂക്ക് ആശുപത്രി ആയിരുന്ന തിരൂർ ഗവൺമെന്റ് ആശുപത്രി ഡിസ്ട്രിക്ട് ഹോസ്പിറ്റലായി ഉയർത്തുകയുണ്ടായി. യാതൊരു ജീവനക്കാരെയും അതിനനുസരിച്ച് നിയമിച്ചിരുന്നില്ല. കടലോര മേഖലയിലെ ഏക ആശ്രയമായ ജില്ലാ ആശുപത്രിയിൽ സൗകര്യം ഒരുക്കുന്നതിനുവേണ്ടി നാട്ടുകാർ 5 കോടി രൂപ പിരിച്ചെടുത്ത് ഒരു ആറുനിലക്കെട്ടിടം മനോഹരമായി ഒരുക്കിയിട്ടുണ്ട്. 1600 മുതൽ 2200 വരെ ഒ.പി. അവിടെ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 300 കിടക്കകൾക്കുള്ള സൗകര്യം അവിടെ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് ഞങ്ങളെല്ലാവരും കൂടി ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ ഫയൽ ക്യാബിനറ്റിൽ കൊണ്ടുവരാമെന്ന് ഉത്തരവിട്ടിട്ട് എട്ട് മാസമായെങ്കിലും ഫിനാൻസ് ഡിപ്പാർട്ടുമെന്റും ആരോഗ്യവകുപ്പും അങ്ങോട്ടുമിങ്ങോട്ടും പന്ത് തട്ടിക്കളിക്കുകയാണ്. ജനങ്ങളെ ബാധിക്കുന്ന ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടാനും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി അതിന് പ്രൊപ്പോസൽ ക്യാബിനറ്റിൽ കൊണ്ടുവന്ന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണ

മെന്നും ട്രോമാ കെയർ, ഡീ–അഡിക്ഷൻ സെന്റർ, ജില്ലാ ആശുപത്രിയുടേതു പോലെ ഡയലിസിസ് സെന്റർ എന്നിവ തുടങ്ങുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 24–1–2011 –ന് തിരൂർ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ലായിരുന്നു. ഇതുസംബന്ധിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യവകുപ്പ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യവകുപ്പ് ആവശ്യപ്പെട്ട വിശദീകരണം അടിയന്തിരമായി നൽകി തിരൂർ ആശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 250 ഡോക്ടർമാരുടേയും 570 നഴ്സുമാരുടേയും തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ ജീവനക്കാർ കൂടി വരുമ്പോൾ ഈ ആശുപത്രിക്കും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അടിയന്തിരമായി ഉദ്യോഗസ്ഥരുടേയും ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരുടേയും ഒരു അടിയന്തിരയോഗം വിളിച്ചു ചേർത്ത് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതാണ്.

## പി.എച്ച്.സി. –കളുടെ പ്രവർത്തനം

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് തെക്കേ ഇന്ത്യയിലെ ആദ്യത്തെ മെഡിക്കൽ കോളേജുകളിൽ ഒന്നാണ്. അതിവിദഗ്ദ്ധരായ ഡോക്ടർമാരുള്ള, മാരകരോഗങ്ങൾക്ക് ചികിത്സ ലഭ്യമാകുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രികളിൽ ഒന്നാണ് മെഡിക്കൽ കോളേജ് ആശുപത്രി. വളരെയേറെ ഭൗതികസൗകര്യങ്ങളുള്ള ഈ ആശുപത്രിയിൽ ഇന്ന് ഒരു രോഗിക്ക് കടന്നുചെല്ലാൻ കഴിയാത്ത രീതിയിൽ രോഗികളുടെ ബാഹുല്യംകൊണ്ട് വീർപ്പുമുട്ടുന്ന ഒരു മെഡിക്കൽ കോളേജായി മാറിയിരിക്കുകയാണ്. ചൊറി, പനി, ചിരങ്ങ്, വയറുവേദന തുടങ്ങിയ ചെറിയ അസുഖമുള്ളവരെയെല്ലാം കൊണ്ടുവരുന്ന സ്ഥലമായി മെഡിക്കൽ കോളേജ് മാറിയിരിക്കുന്നൂവെന്നുള്ളതാണ് അടുത്തയിടെ കാണാനാകുന്നത്. മറ്റ് പ്രൈമറി ഹെൽത്ത് സെന്ററുകളിൽനിന്ന് റഫർ ചെയ്തുവരുന്ന രോഗികളെയാണ് മുമ്പ് ഇവിടെ പരിശോധിച്ചിരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ തുടങ്ങിയവർ ഇല്ലാത്തതുകൊണ്ട് അന്നുതന്നെ ഇവിടെ വരുന്ന രോഗികളെ പ്രാഥമികമായ ഒരു പരിശോധനയും നടത്താതെ മെഡിക്കൽ കോളേജ് ആശുപത്രിയിലോട്ട് പറഞ്ഞ് അയയ്ക്കുകയാണ്. ഇപ്പോൾ പലരും പി.എച്ച്. സെന്ററുകളിലേയ്ക്കും സി.എച്ച്. സെന്ററുകളിലേയ്ക്കും പോകാറേയില്ല. മെഡിക്കൽ കോളേജിന്റെ തന്നെ പി. എച്ച്.സെന്ററുകൾ രണ്ടെണ്ണം ഉണ്ട്. ഈ രണ്ട് പി.എച്ച്.സി.കളിലും രോഗികൾ പോകാറേയില്ല. രോഗികൾ നേരെ മെഡിക്കൽ കോളേജ് ആശുപത്രിലേയ്ക്കാണ് രാവിലെ വരുന്നത്. തിരക്കുകാരണം ഒ. പി.യുടെ അടുത്തോട്ട് പോകാനോ, ഒ.പി.യിൽ ഇരിക്കുന്ന ഒരു ഡോക്ടറെ കാണാനോ കഴിയാറില്ല. ഈ രീതിയിൽ ജനങ്ങളെക്കൊണ്ടും രോഗികളെ

ക്കൊണ്ടും നിബിഡമായിരിക്കുന്ന പ്രദേശമായി മാറിയതിന്റെ പ്രധാന കാരണം ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജിന് ചുറ്റുപാടുമുള്ള പി.എച്ച്. സെന്ററുകളിലെ സ്റ്റാഫുകളെ അവിടെനിന്നും മാറ്റി പല താലൂക്കാശുപത്രികളിലേയ്ക്കായി കൊടുത്തുകൊണ്ടാണ്. പി.എച്ച്. സെന്ററുകളിൽ ഓപ്പറേഷൻ തിയേറ്ററിനുള്ള സ്ഥലമുണ്ട്; ഡെലിവറി റൂമുള്ള സ്ഥലമുണ്ട്; ലബോറട്ടറി സൗകര്യമുള്ള സ്ഥലമുണ്ട്; ഇതിലെല്ലാം ആവശ്യംപോലെ സ്റ്റാഫുകളുണ്ടായിരുന്ന, മെഡിക്കൽ കോളേജിന് ചുറ്റുപാടുമുള്ള പി.എച്ച്. സെന്റുകൾ മുഴുവനും ഇപ്പോൾ നോക്കുകുത്തിയായിരിക്കുകയാണ്. അവിടെയുള്ള ഡോക്ടർമാർ പലരും വരാറുപോലുമില്ല. വന്നിട്ട് കാര്യവുമില്ല. കാരണം അവിടെ നഴ്സോ, ടെക്നിക്കൽ സ്റ്റാഫോ ഇല്ലാത്തതുകൊണ്ട് ഒരു ഡോക്ടർ വന്നിട്ട് കാര്യവുമില്ല. രോഗികൾക്ക് ഒരു ചിറ്റെഴുതി മെഡിക്കൽ കോളേജിലോട്ട് കൊടുത്തയയ്ക്കാനേ കഴിയൂ. ഈയൊരു ദു:സ്ഥിതി വന്നതിന്റെ കാരണം ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ പ്രത്യേക ഉത്തരവുപ്രകാരം എന്റെ നിയോജകമണ്ഡലത്തിലെ കടകംപള്ളി പി.എച്ച്.സെന്ററിലെയും മെഡിക്കൽ കോളേജ് ഹെൽത്ത് സെന്ററിലെ മുഴുവൻ സ്റ്റാഫുകളേയും അവിടെനിന്നും മാറ്റുകയുണ്ടായി അണ്ടൂർക്കോണം, പുത്തൻത്തോപ്പ് പി.എച്ച്. സെന്ററുകളിലേയും എല്ലാ സ്റ്റാഫുകളേയും എടുത്തുകൊണ്ടുപോയി. സ്റ്റാഫുകൾ ഇല്ലാത്തതുകൊണ്ട് രോഗികളെ നോക്കാൻ കഴിയാത്ത രീതിയിൽ കോടാനുകോടി രൂപയുടെ സൗകര്യങ്ങളുള്ള ഈ പി.എച്ച്.സികൾ നോക്കുകുത്തികളായി വെറുതെ കിടക്കുകയാണ്. അതുകൊണ്ട് മെഡിക്കൽ കോളേജിന് ചുറ്റുപാടുമുള്ള പി.എച്ച്. സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിക

ളാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിച്ച് മെഡിക്കൽ കോളേജിനെ രക്ഷപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇപ്പോൾ റഫറൽ ആശുപത്രിയാണ്. പക്ഷേ പൂർണ്ണമായും റഫറൽ ആശുപത്രിയായി പ്രവർത്തിക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിന് കഴിയുന്നില്ലെന്നും ഗുരുതരമായ രോഗം ബാധിച്ച് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് എത്തിച്ചേരുന്ന രോഗികൾക്ക് ചികിത്സ ലഭ്യമാകുന്നില്ലെന്നും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി പൂർണ്ണമായും റഫറൽ ആശുപത്രിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇതിനുവേണ്ടി സമീപപ്രദേശത്തുള്ള ആശുപത്രികളിലെ നിലവിലുള്ള ചികിൽസാ സൗകര്യങ്ങൾ തീർച്ചയായും മെച്ചപ്പെടുത്തേണ്ടതുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, താലൂക്കാശുപത്രികൾ, ശ്രീ. എം.എ. വാഹീദ് ചൂണ്ടിക്കാണിച്ച കടകംപള്ളി ഉൾപ്പെടെയുള്ള പി.എച്ച്.സി.കൾ, പാങ്ങപ്പാറയിലെ മെഡിക്കൽ കോളേജാശുപത്രിയുടെ യൂണിറ്റ് എന്നിവിടങ്ങളിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ആശുപത്രികൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കുമുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ ഗൗരവത്തോടുകൂടി ആലോചിക്കും. തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം അടിയന്തിരമായി വിളിച്ച് ചേർത്ത് തിരുവനന്തപുരം

മെഡിക്കൽ കോളേജിനെ പൂർണ്ണമായും റഫറൽ ആശുപത്രിയാക്കി മാറ്റി ജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവത്തോടുകൂടി ആലോചിക്കുന്നതാണ്.

## ശബരിമല മാസ്റ്റർപ്ലാൻ

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ 3 മാസക്കാലത്തിനുള്ളിൽ എത്തുന്ന സ്ഥലമെന്നുമാത്രമല്ല, ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നുമാണ് ശബരിമല. ഇവിടെ മാസ്റ്റർപ്ലാൻ വളരെ അടിയന്തിരമായി നടപ്പിലാക്കാൻ ഞങ്ങൾ ഓരോ വർഷവും തീരുമാനമെടുക്കുന്നുണ്ട്. ഈ വർഷവും സീസൺ കഴിഞ്ഞയുടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ദേവസ്വം മന്ത്രിയുടേയും മറ്റ് വിവിധ മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തെങ്കിലും ഒരു നടപടിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല; പമ്പ– സന്നിദാനം ഖരമാലിന്യപ്ലാന്റുകളുടെ പ്രവർത്തനത്തിന് ഒരു നടപടിയും ആയിട്ടില്ല. ക്യൂ കോംപ്ലക്സിന്റെയും പമ്പാ–സന്നിധാനം നടപ്പന്തൽ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പുരോഗതിയില്ല; പമ്പാ–സന്നിധാനം പാരലൽ പൈപ്പ്ലൈനിന്റെയും അപ്പം– അരവണ പ്ലാന്റിന്റെയും സന്നിധാനം ഇരുനില നടപ്പന്തലിന്റെയും കുന്നാർ തടയണയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും നിലയ്ക്കൽ പാർക്കിംഗ് യാർഡിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ശബരിമലയിൽ സീസൺ ആരംഭിക്കാൻ ഇനി 5 മാസ്സമേയുള്ളൂ. നിരവധി ഉന്നതതലയോഗങ്ങൾ നടന്നിട്ടും ഈ കാര്യങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വളരെ ഗുരുതരമായ

വീഴ്ചയാണ്. അതുകൊണ്ട് ഈ ചുരുങ്ങിയ സമയക്കാലത്തിനുള്ളിൽ ഏത് സംവിധാനങ്ങൾ എങ്ങനെ ആരംഭിക്കാനാകുമെന്ന് അങ്ങ് വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ശബരിമലയുടെ വികസനത്തിന് സംസ്ഥാന ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആദ്യമായി 15 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ വർഷത്തെ ബഡ്ജറ്റിലും 25 കോടി രൂപയാണ് മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം തന്നെ വളരെ കാലമായി നടക്കാതിരുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വളരെയധികം പദ്ധതികൾ മുന്നോട്ടുപോയിട്ടുണ്ട്. കഴിഞ്ഞ തീർത്ഥാടനകാലം കഴിഞ്ഞയുടനെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ഈ വരുന്ന സീസണ് മുമ്പായിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് നിർദ്ദേശം നൽകുകയും അതിന്റെ പ്രവർത്തനങ്ങളുമായി വളരെ സജ്ജീവമായി മുന്നോട്ടുപോകുകയും ചെയ്യുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാംതന്നെ വളരെ പുരോഗതിയിലൂടെ പൊയ്ക്കൊണ്ടിരിക്കുകയാണ്. സ്വാമി അയ്യപ്പൻ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. സന്നിധാനം നടപ്പന്തൽ (രണ്ടുനില)– നിർമ്മാണത്തിനായി 3 സ്ഥാപനങ്ങൾ എക്സ്പ്രഷൻ

ഓഫ് ഇന്ററസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിഗണനയിലാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. നിലയ്ക്കൽ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിക്കുകയും പാർക്കിംഗ് ഏരിയ 'സി', കെ.എസ്. ആർ.ടി.സി. പാർക്കിംഗ് ഏരിയയുടെയും പാർക്കിംഗ് ഏരിയ 'ഡി' യുടെയും നിലയ്ക്കലിലെ റോഡിന്റെയും നിർമ്മാണ പ്രവർത്ത നങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലയ്ക്കലിലെ മഹാദേവ ക്ഷേത്രത്തിന്റെയും പള്ളിയറക്കാവ് ദേവീക്ഷേത്രത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾക്കും നിലയ്ക്കൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതി നുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സീസൺ ആരംഭിക്കുന്നതിന് മുമ്പ് പദ്ധതികൾ മുഴുവൻ പൂർത്തീകരിക്കുന്ന താണ്. അതോടൊപ്പം തന്നെ കടുവത്തോട്ടിലെ ചെക്ക്ഡാം നിർമ്മാണം, ഗ്രൗണ്ട് ലെവൽ കോൺക്രീറ്റ് വാട്ടർ ടാങ്ക് നിർമ്മാണം, വാഹനങ്ങൾക്കാ യുള്ള ഫെസിലിറ്റി സെന്റർ നിർമ്മാണം എന്നിവയ്ക്ക് അനുയോജ്യമായ ടെണ്ടറുകൾ ലഭിക്കാത്തതുമൂലം വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. ശരം കുത്തിമുതൽ ശബരിപീഠം വരെയുള്ള ക്യൂ കോംപ്ലക്സ് ഹൈപവർ കമ്മിറ്റി യുടെയും ദേവസ്വം ബോർഡിന്റെയും ചുമതലയിൽ പണി പൂർത്തീകരിച്ചിട്ടു ണ്ട്. നിലയ്ക്കലിലെ വാട്ടർ ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടറുകൾ സ്വീകരിച്ചിരുന്നുവെങ്കിലും അനുയോജ്യമായ ടെണ്ടറുകൾ ലഭ്യമാകാത്തതി നാൽ വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. കുന്നാർ ഡാമിൽ സ്പോൺസർഷിപ്പ് മുഖാന്തിരം തടയണ നിർമ്മാണത്തിന് അനുമതി നൽകി യിട്ടുണ്ട്. ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് പമ്പയിൽനിന്നും

വെയിലും മഴയുമേൽക്കാതെ മല കയറുന്നതിന് പമ്പ മുതൽ മരക്കൂട്ടം വരെയുള്ള കാനനപാത മുഴുവൻ നടപ്പന്തലുകൾ നിർമ്മിക്കാൻ നടപടി സ്വീക രിച്ചിട്ടുണ്ട്. ഇത് അടുത്ത സീസണ് മുമ്പ് പൂർത്തീകരിക്കുന്നതാണ്. കുടി വെള്ള വിതരണം മെച്ചപ്പെടുത്താൻ പമ്പ മുതൽ സന്നിധാനം വരെ നിലവി ലുള്ള പൈപ്പ്ലൈനുകൾക്ക് പകരം പുതിയ പൈപ്പ് സ്ഥാപിക്കുന്നതിന് അനു മതി നൽകിയിട്ടുണ്ട്. പമ്പ ആരോഗ്യ ഭവൻ നിർമ്മാണത്തിനായി പമ്പയിലെ ആശുപത്രി നിലനിൽക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി ആധുനിക സൗക ര്യങ്ങളോടുകൂടിയ ഹോസ്പിറ്റൽ കോംപ്ലക്സ് നിർമ്മാണം സജീവ പരിഗണ നയിലാണ്. അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, അപ്പം അരവണ കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി ആറ് കമ്പനിക ളിൽനിന്ന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ലഭിച്ചിരുന്നുവെങ്കിലും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെന്റർ ഫുഡ് & ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോട് സാങ്കേതിക പഠനം നടത്തി നിർദ്ദേശം നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി വളരെ കാര്യക്ഷമ മായി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു അവലോകന യോഗം ഇന്ന് ഉച്ചയ്ക്ക് 12 മണിക്ക് വിളിച്ചുചേർത്തിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി ഇക്കാര്യങ്ങൾ ഈ സീസണുമുമ്പ് പരിഹരിക്കും.

## ദേശീയ ഗെയിംസ്

ശ്രീ. ബെന്നി ബെഹനാൻ : സർ, 2010 മേയിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാഷണൽ ഗെയിംസ് 2012–ൽപ്പോലും നടത്താൻ കഴിയാത്ത സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. 2009–ൽ ഇതിനുവേണ്ടിയുള്ള കരാർ ഉണ്ടാക്കിയതാണ്. അതിനുശേഷം ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും കേരളാ ഗവൺമെന്റും കേരളാ ഒളിമ്പിക് അസോസിയേഷനും കൂടി ഒരു എഗ്രിമെന്റ് വയ്ക്കുകയുണ്ടായി. ആ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 220 കോടി രൂപയായിരുന്നു ഇതിന്റെ എസ്റ്റിമേറ്റ്. അതിൽ 110 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ 110 കോടി രൂപ ചെലവാക്കിയതിൽ അഴിമതികൾ നടന്നിട്ടുണ്ടെന്ന ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് 110 കോടി രൂപ ചെലവാക്കിയതിനെക്കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഒരു നാഷണൽ ഗെയിംസ് നടത്തണമെങ്കിൽ 36 വേദികൾ വേണം. ഒരു ഗെയിംസ് വില്ലേജ് വേണം, അത് ഏകദേശം 30 ഏക്കർ സ്ഥലത്തായിരിക്കണം. 36 വേദികൾക്കുവേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ്സ് ആയിട്ടുണ്ടോ; ഈ ഗെയിംസ് വില്ലേജിനുവേണ്ടിയുള്ള 30 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; നേരത്തെ 220 കോടി രൂപയായിരുന്നു എസ്റ്റിമേറ്റെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് 612 കോടി രൂപയാണ്. അതനുസരിച്ച് 306 കോടി രൂപ കേന്ദ്രം തരണമെന്നുപറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി നിവേദനം കൊടുത്തിട്ടുണ്ട്. ശ്രീ. കെ.എം. മാണി സാറിന്റെ ബഡ്ജറ്റിൽ 120 കോടി രൂപ ഇതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഇനി ഇതിനുവേണ്ടിയുള്ള സാമ്പത്തികസഹായം എവിടെ നിന്ന് ലഭിക്കും? കഴിഞ്ഞ പ്രാവശ്യം രണ്ടരക്കോടി

രൂപ നീന്തൽക്കുളത്തിനുവേണ്ടി പാഴാക്കിയെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുകയുണ്ടായി. കായികതാരങ്ങൾക്ക് വേണ്ടത്ര ട്രെയിനിംഗ് കൊടുത്തിട്ടില്ല. ഇതിനുമുമ്പ് 1987-ലാണ് കേരളത്തിൽ നാഷണൽ ഗെയിംസ് നടന്നത്. അന്ന് കേരളമായിരുന്നു ചാംപ്യൻഷിപ്പ് നേടിയത്. വളരെയേറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നാഷണൽ ഗെയിംസ് 2010 – മേയിൽ നട ക്കേണ്ടത് പല പ്രാവശ്യം നീട്ടിവച്ചു. 2011-ലും 2012-ലും നടക്കുമെന്ന് പറ ഞ്ഞിട്ടും നടന്നില്ല. അവസാനം ഗവൺമെന്റ് 2013 ഡിസംബറിൽ നടത്താൻ വേണ്ടി ആലോചിക്കുന്നുവെന്ന് പറയുന്നു. എന്നിട്ടുപോലും ഇതിനുവേണ്ട ഇൻഫ്രാസ്ട്രക്ച്ചർ തയ്യാറായിട്ടില്ല. ഇത് ഏഴ് ജില്ലകളിൽ നടത്താനാണ് തീരു മാനിച്ചത്. അത് തികച്ചും അശാസ്ത്രീയമാണ്. നാഷണൽ ഗെയിസാണെ ങ്കിലും ഒളിമ്പിക്സാണെങ്കിലും ഏത് ദേശീയ മത്സരങ്ങൾ ആയാലും അതിന്റെ മെയിനായിട്ടുള്ള സ്ഥലത്തോട് അനുബന്ധിച്ചുള്ള സ്ഥലങ്ങളാണ് സെലക്ട് ചെയ്യുന്നത്. അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ തീരുമാനിക്കാൻ ബുദ്ധി മുട്ടാണ്. നമുക്കറിയാം ഇന്ന് കായിക മത്സരങ്ങളെക്കുറിച്ച് ഒട്ടേറെ ആക്ഷേപ ങ്ങളുണ്ട്. ഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിനെക്കുറി ച്ചൊക്കെ ഒത്തിരി ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നൽകിയ 110 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എങ്ങനെ ചെലവ ഴിച്ചുവെന്നതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണം. അതല്ലെ ങ്കിൽ ഒരു ധവള പത്രം പുറപ്പെടുവിച്ച് ചെലവായ പണത്തെക്കുറിച്ചുള്ള വസ്തുത ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും നമ്മുടെ നാഷണൽ ഗെയിംസ് ഏറ്റവും വേഗം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരി ക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ): സർ, കോമൺ വെൽത്ത് ഗെയിംസ് പോലെയാകരുത് എന്ന് സർക്കാരിന് നിർബന്ധമുള്ളതുകൊണ്ട് ഈ നിമിഷം വരെയുള്ള വരവ് ചെലവ് കണക്കുകളെല്ലാം നാഷണൽ ഗെയിംസിന്റെ വെബ്സൈറ്റിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള എല്ലാ എഗ്രിമെന്റുകളും കോൺട്രാക്റ്റുകളും വർക്കുകളും അതിന്റെ ഇപ്പോഴത്തെ പൊസിഷനും അതുപോലെതന്നെ ഇന്നുവരെയുള്ള എല്ലാ പണമിടപാടുകളും കൊടുത്ത തുകയുടെ ചെക്ക് നമ്പർ സഹിതം സൈറ്റിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു സംവിധാനം കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സത്യമാണ്. ഏഴ് ജില്ലകളിലായി ഇത് സംഘടിപ്പിക്കുക എന്ന് പറയുന്നതിൽ വലിയൊരു ബ്ലണ്ടറുണ്ട്. പല സ്ഥലത്തും ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകുമെന്ന് കരുതിയാകും അന്ന് അങ്ങനെ തീരുമാനിച്ചത്. ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി ചില കൺസൾട്ടന്റുകളെ നിയമിച്ച ഉണ്ടാക്കിയ ഡിസൈനുകൾ വളരെ മോശമാണ്. ആ കൺസൾട്ടന്റ്സ് മാറി. ഇനി കൺസൾട്ടന്റിനെ നിയോഗിക്കണമെങ്കിൽ സാങ്കേതികമായി ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. അല്ലെങ്കിൽ അത് ഒരു ക്രമക്കേടായി മാറും. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ബി.എസ്.എൻ.എൽ. (എഞ്ചിനീയറിംഗ്)-ഉം സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോയുമാണ് ഇപ്പോൾ കൺസൾട്ടന്റിന്റെ വർക്ക് ചെയ്യുന്ന ഏജൻസിയായി വന്നിരിക്കുന്നത്. സ്വകാര്യ ഏജൻസികളെ ഇതിൽ നിന്ന് ഒഴിവാക്കി. സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിന് കൊടുത്ത കണക്കിൽ അതിൽ ഉപയോഗിക്കേണ്ട കമ്പിയുടെയും സിമന്റിന്റെയും അളവ് വരെ തെറ്റായി കൊടുക്കുകയും അത് ടെണ്ടർ ചെയ്യുകയും ചെയ്തു. പക്ഷേ അത് നടപ്പിൽ വന്നില്ല

കാരണം, പണിയാൻ കോൺട്രാക്ടർ തയ്യാറായില്ല. ഇങ്ങനെ ഒരുപാട് സാങ്കേതിക കുഴപ്പങ്ങൾ ഉണ്ടാക്കിവച്ചാണ് കൺസൾട്ടന്റ് പോയത്. അത് മാനേജ് ചെയ്ത രീതി ശരിയല്ല. സ്റ്റേഡിയങ്ങൾ തിരഞ്ഞെടുത്തതും അതിന്റെ പണിക്കുവേണ്ടി ചെയ്ത ഡിസൈനുകളുമെല്ലാം കാലഹരണപ്പെട്ടതാണ്. ഇതെല്ലാം മനസ്സിലാക്കികൊണ്ട് വേണ്ട മാറ്റങ്ങൾ വരുത്തി 27 സ്ഥലങ്ങളിൽ 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതുപോലെ കൊച്ചി, കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളുടെ സ്ഥലത്ത് സ്റ്റേഡിയങ്ങൾ പണിയുന്നു. അവിടെ കോർപ്പറേഷൻ ചില ഡിമാൻഡുകൾ വയ്ക്കും. ആ ഡിമാൻഡുകൾ ചിലപ്പോൾ സ്പോർട്ട്സിന് ആവശ്യമുള്ളതായിരിക്കില്ല. ഉദാഹരണത്തിന് കാർഷിക സർവ്വകലാശാലയുടെ സ്ഥലത്ത് ഒരു ഇൻഡോർ സ്റ്റേഡിയം പണിയുന്നു. അവിടെ ഒരു ഗെയിം നടത്താം. അതിനുവേണ്ടി അവിടത്തെ ഒരു സ്റ്റോർ റൂം നിർമ്മിക്കാമെന്നാണ് മുൻഗവൺമെന്റ് സമ്മതിച്ചിരിക്കുന്നത് സ്റ്റോർ റൂം നാഷണൽ ഗെയിംസിന് ആവശ്യമില്ല. അവിടേയ്ക്ക് പോകുന്ന റോഡ് ഇതെല്ലാം ഇതിലുൾപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് തന്ന പണം ഉപയോഗപ്പെടുത്തിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അതുപോലെതന്നെ പേരൂർക്കടയിലേയ്ക്ക് പോകുന്ന വഴിക്കുള്ള തങ്കമ്മ സ്റ്റേഡിയം അത് ഒരു സ്കൂളിന്റെ സ്റ്റേഡിയമാണ്. ആ സ്റ്റേഡിയവും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ഞാനാണ് അത് മാറ്റിയത്. കാരണം അത് നാഷണൽ ഗെയിംസിന് ആവശ്യമുള്ളതല്ല. തിരുവനന്തപുരത്തെ സ്വിമ്മിംഗ് പൂൾ – രണ്ടുകോടി എഴുപത്തഞ്ച് ലക്ഷം രൂപ പൈപ്പ് മാറ്റാനും മറ്റുമായി ചെലവായി. വാട്ടർ അതോറിറ്റിയുടെ പൈപ്പ് അതിന്റെ അടിയിലുണ്ടെന്ന് അറിഞ്ഞുകൊണ്ട് അത് മാറ്റാൻ പണം കൊടുത്തു. ഇതെല്ലാം കഴിഞ്ഞ് രണ്ട് സ്വിമ്മിംഗ് പൂളിന് പ്ലാൻ വരച്ചു.

കോൺട്രാക്ടർക്ക് 75 ലക്ഷം രൂപ ലയബിലിറ്റിയുണ്ട്. രണ്ട് കോടി രൂപ ചെല വഴിച്ച് പൈപ്പുകൾ ഷിഫ്റ്റ് ചെയ്തതിനുശേഷം ഇപ്പോൾ പറയുന്നത് ഇനി യൊരു മൂന്നുകോടി രൂപ കൂടിത്തന്നാൽ പഴയ പ്ലാൻ അനുസരിച്ച് സ്വിമ്മിംഗ് പൂൾ പണിയാമെന്നാണ്. കാരണം, അതിനടിയിൽ രണ്ട് പൈപ്പുകൾ കിടക്കു ന്നുണ്ട്. അതിന് കോൺക്രീറ്റ് ചെയ്ത് ഒരു ഡക്റ്റ് ഉണ്ടാക്കിക്കൊടുക്കണം. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പുതിയ പൈപ്പിടാനുള്ള പൈസ സ്പോർട്ട്സ് വകുപ്പ് കൊടുക്കണം. സ്പോർട്ട്സ് വകുപ്പിന് ആവശ്യമുള്ള ജോലിയല്ല ഇതൊന്നും. ഇതെല്ലാം കഴിഞ്ഞ് ആ സ്വിമ്മിംഗ് പൂൾ പണിതാലും വ്യവസ്ഥയുണ്ട്. എന്തെങ്കിലും തകരാർ വന്നാൽ സ്വിമ്മിംഗ് പൂൾ പൊളിച്ചു കൊടുക്കാമെന്ന് കൂടി എഴുതിക്കൊടുക്കണം. സ്വിമ്മിംഗ് പൂൾ പണിയാൻ വേറെ 5–6 കോടി രൂപ വേണം. ആ പദ്ധതി അവിടെ ഉപേക്ഷിക്കുന്നതിനു മുമ്പ് അന്വേഷണം നടത്തുകയാണ്. നാഷണൽ ഗെയിംസിന്റെയും ബി.എസ്. എൻ.എൽ.–ന്റെയും ചീഫ് എഞ്ചിനീയർമാരും ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങിയ ഒരു കമ്മിറ്റി ഇത് പരിശോധിക്കുകയാണ്. ഇത് പരിശോധിച്ച് കഴിഞ്ഞ കാര്യങ്ങൾക്ക് തീരുമാനമാകാതെ വീണ്ടും പണി ആരംഭിച്ചാൽ അതിന് ഈ ഗവൺമെന്റ് മറുപടി പറയേണ്ടിവരും. അതിന് ഞാൻ തയ്യാറല്ല. വളരെ സുതാര്യതയോടെയാണ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, ഇപ്പോൾ എസ്റ്റിമേറ്റ് ഏതാണ്ട് ഇരട്ടിയിലധികമായിരിക്കുകയാണ്. ആവശ്യമായ 300 കോടിയിലധികം രൂപ യുടെ സാമ്പത്തിക സഹായത്തിന് കേന്ദ്ര മന്ത്രിയോട് ഞാനും മുഖ്യ മന്ത്രിയും നേരിട്ടുപോയി അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ സ്പോർട്ട്സ് വിഭാഗം ഇവിടെ വന്നിരുന്നു. അവരെ ഇത് കൺവിൻസ് ചെയ്തു. തിരുവനന്തപുരം കാര്യവട്ടത്ത് പണിയുന്ന ഇന്റർനാഷണൽ

സ്റ്റേഡിയത്തിലാണ് ഗെയിംസിന്റെ ഉദ്ഘാടനം നടത്താനുദ്ദേശിക്കുന്നത്. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. അവിടെ ഓരോ ദിവസവും ഓരോരോ പ്രശ്നങ്ങളുമായി ആകെ ബുദ്ധിമുട്ടുകയാണ്. ചുമട്ടുതൊഴിലാളികളുടെ സമരം, മരം വെട്ടുന്നിടത്ത് മരം കയറ്റാൻ സമരം, സ്പെഷ്യൽ സോണായി മുഖ്യമന്ത്രി ഇന്നലെ പ്രഖ്യാപിച്ചു. തൊഴിലാളികൾ സമരത്തിൽ നിന്ന് മാറിയപ്പോൾ ഇന്നലെ നാട്ടുകാർ സമരം തുടങ്ങിയിരിക്കുകയാണ്. അവർ പറയുന്നത് യൂണിവേഴ്സിറ്റിയോട് ഞങ്ങൾ ഒന്നര മീറ്റർ സ്ഥലം വഴിക്കായി ചോദിച്ചിരുന്നു. അത് തന്നില്ല. സ്പോർട്ട്സ് വകുപ്പ് അത് കൊടുക്കണം. യൂണിവേഴ്സിറ്റിയുടെ സ്ഥലം ലീസിനെടുത്തിരിക്കുന്നതു കൊണ്ട് അത് കൊടുക്കാൻ സാധിക്കില്ല. സ്ഥലം കൊടുത്തില്ലെങ്കിൽ സമരമെന്ന് പറഞ്ഞ് അവർ തടയുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം.എ. വാഹീദ് ഇക്കാര്യത്തിൽ ഇടപെടണം. കാരണം, ഇത് ഒരു നാടിന്റെ പുരോഗതിക്കുവേണ്ടിയുള്ള കാര്യമാണ്. 18 മാസം കൊണ്ട് അത് പൂർത്തിയാകും. 2013 അവസാനം നാഷണൽ ഗെയിംസ് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ അനുവാദം വേണം. Venue –കളെപ്പറ്റി പറഞ്ഞു ഏഴ് ജില്ലകളിലായി വച്ചിരിക്കുന്നത് മാറ്റാൻ ഗവൺമെന്റിന് കഴിയില്ല. കാരണം ഒളിമ്പിക് അസോസിയേഷനുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ ഇന്നയിന്ന Venues എന്ന് പറഞ്ഞ് എഗ്രിമെന്റ് എഴുതി ഒപ്പിട്ടുകഴിഞ്ഞു. സത്യത്തിൽ ഒരു സ്ഥലത്ത് തന്നെയാണ് നടത്തേണ്ടത്. നാഷണൽ ഗെയിംസിന് ആവശ്യമായ വില്ലേജ് പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് തിരുവനന്തപുരത്ത് നിർമ്മിക്കാനുള്ള നടപടികളായിട്ടുണ്ട്. പ്രീഫാബ് ടെക്നോളജി ഇന്ത്യയിലാദ്യമായിട്ടാണ് നടപ്പിലാക്കുന്നത്.

ആ ടെക്നോളജി ഫലപ്രദമാണോ എന്നറിയാൻ വേണ്ടി ഇവിടെ ഓരോ കമ്പനികൾക്കും സൗജന്യമായി മോക്ക് യൂണിറ്റ് സ്ഥാപിക്കാം അത് ടെക്നിക്കൽ കമ്മിറ്റി ഇവാല്യുവേറ്റ് ചെയ്യും. അതിനുശേഷം നടപ്പാക്കും. നാഷണൽ ഗെയിംസ് വളരെ സുതാര്യമായി എല്ലാവരുടേയും സഹകരണത്തോടെ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.